# സൂറ – 28 / അൽ ഖസ്വസ്വ്

## സൂക്തം: 29 – 32

യാത്രക്കിടെ ഒരു രാത്രിയിൽ അദ്ദേഹം ജനശൂന്യമായ മരുഭൂമിയിൽ എത്തിപ്പെട്ടു. കൂരിരുട്ടും കൊടും തണുപ്പും. എങ്ങോട്ടു പോകണമെന്നോ എങ്ങോട്ടാണ് പോയ്ക്കൊണ്ടിരിക്കുന്നതെന്നോ അറിയാനാവാത്ത അവസ്ഥ. അപ്പോഴാണ് മൂസാ(അ) അകലെ ഒരു വെളിച്ചം കാണുന്നത്. മൂസാ കുടുംബത്തോട് പറഞ്ഞു: നിങ്ങൾ ഇവിടെ നിൽക്കൂ. ഞാൻ ഒരു വെളിച്ചം കാണുന്നുണ്ട്. അവിടെ പോയി നോക്കട്ടെ.



فَلَمَّا قَضَىٰ مُوسَى الْأَجَلَ وَسَارَ بِأَهْلِهِ آنَسَ مِن جَانِبِ الطُّورِ نَارًا قَالَ لِأَهْلِهِ امْكُثُوا إِنِّي آنَسْتُ نَارًا لَّعَلِّي آتِيكُم مِّنْهَا بِخَبَرٍ أَوْ جَذْوَةٍ مِّنَ النَّارِ لَعَلَّكُمْ تَصْطَلُونَ ﴿٢٩﴾

29. നിശ്ചിത കാലാവധി പൂർത്തിയാക്കി മൂസാ സ്വകുടുംബത്തെയും കൂട്ടി മിദ്യാനിൽനിന്ന് സഞ്ചരിച്ചപ്പോൾ, ത്വൂർ മലയുടെ ദിശയിൽ ഒരു തീ കണ്ട് അദ്ദേഹം കുടുംബത്തോടു പറഞ്ഞു: നിൽക്കുവിൻ. ഞാനൊരു തീ കാണുന്നുണ്ട്. ഞാൻ അവിടെ ചെന്ന് വഴി വിവരം അറിഞ്ഞു വരാം. അല്ലെങ്കിൽ ആ തീയിൽനിന്ന് ഒരു തീകൊള്ളി കൊണ്ടുവരാം, നമുക്ക് തീ കായാമല്ലോ.

**29**

فَلَمَّا قَضَىٰ مُوسَى الْأَجَلَ = മൂസാ (നിശ്ചിത) കാലാവധി കഴിച്ച(പൂർത്തിയാക്കിയ)പ്പോൾ

وَسَارَ بِأَهْلِهِ = തന്റെ കുടുംബത്തെയും കൊണ്ട് സഞ്ചരിച്ച(രിക്കുകയും ചെയ്ത)പ്പോൾ

آنَسَ = അദ്ദേഹ(ം കണ്ടു)ത്തിന് സാന്നിധ്യമനുഭവപ്പെട്ടു مِن جَانِبِ الطُّورِ = ത്വൂർ മലയുടെ ദിശയിൽനിന്ന്

نَارًا = ഒരു തീ قَالَ لِأَهْلِهِ = അദ്ദേഹം സ്വകുടുംബത്തോടു പറഞ്ഞു

امْكُثُوا = നിങ്ങൾ നിൽക്കുവിൻ, താമസിക്കുവിൻ إِنِّي آنَسْتُ نَارًا = ഞാൻ ഒരു തീ കണ്ടു (കാണുന്നുണ്ട്)

لَّعَلِّي آتِيكُم مِّنْهَا بِخَبَرٍ = ഞാൻ (അവിടെ ചെന്ന്) നിങ്ങൾക്ക് വഴി വിവരം(അറിഞ്ഞു വരാം) കൊണ്ടുവന്നെങ്കിലോ

أَوْ جَذْوَةٍ مِّنَ النَّارِ = അല്ലെങ്കിൽ ആ തീയിൽനിന്ന് ഒരു തീക്കൊള്ളി (കൊണ്ടുവരാം)

لَعَلَّكُمْ تَصْطَلُونَ = നിങ്ങൾ തീകായുന്നുവെങ്കിലോ (നമുക്ക് തീകായാമല്ലോ)

മൂസാ (അ) പത്തു വർഷക്കാലം ഇടയ വൃത്തിയിലേർപ്പെട്ട് കുടുംബസമേതം മിദ്യാനിൽ ജീവിച്ചു. ഈ കാലത്ത് അദ്ദേഹത്തിന് മക്കൾ പിറന്നതായി ബൈബിൾ പറയുന്നു. കാലാവധി പൂർത്തിയായപ്പോൾ അദ്ദേഹം കുടുംബസമേതം മിദ്യാനിൽനിന്ന് യാത്രയായി. ഈ യാത്രയുടെ ലക്ഷ്യം ഏതായിരുന്നുവെന്ന് ഖുർആൻ വ്യക്തമാക്കുന്നില്ല. മൂസാ ശ്വശുരന്റെ ആടുകളെ മേയ്ച്ചുകൊണ്ട് മരുഭൂമിയിലേക്ക് നീങ്ങിയെന്നും യാറോബ് പർവതത്തിലെത്തിയെന്നുമാണ് ബൈബിൾ പറയുന്നത്. അവിടെ ഒരു കുറ്റിക്കാട്ടിൽനിന്നാണ് ഇവിടെ സൂചിപ്പിക്കുന്ന വെളിച്ചം കണ്ടത്. മരുഭൂമിയിലും കുറ്റിക്കാടുകളിലും കാലികളെ മേയ്ച്ചു നടക്കുന്ന ഇടയന്റെ കൂടെ കുടുംബവും കുട്ടികളും ഉണ്ടാവാൻ സാധ്യതയില്ല. ശ്വശുരനുമായുള്ള കരാർ കാലം പൂർത്തിയായപ്പോൾ അദ്ദേഹത്തിന്റെ ആശ്രയത്തിൽനിന്ന് മുക്തനായി മറ്റെവിടെയെങ്കിലും ചെന്ന് സ്വതന്ത്രമായ കുടുംബജീവിതം നയിക്കാൻ മൂസാ(അ) തീരുമാനിച്ചു എന്നു കരുതുന്നതാണ് ഉചിതം. ശ്വശുരനോട് യാത്ര പറയുമ്പോൾ അദ്ദേഹം മകൾക്കും മരുമകനും കുറച്ച് കാലികളെ നൽകിയിരിക്കാം. അവയുമായാണ് അദ്ദേഹം പുറപ്പെട്ടത്. ഫറവോന്റെ ഭീഷണിയില്ലാത്ത ഒരിടം-ഒരുപക്ഷേ സ്വന്തം പൂർവികരുടെ നാടായ ഫലസ്ത്വീൻ തന്നെ-ആയിരിക്കാം അദ്ദേഹത്തിന്റെ ലക്ഷ്യം.

യാത്രക്കിടെ ഒരു രാത്രിയിൽ അദ്ദേഹം ജനശൂന്യമായ മരുഭൂമിയിൽ എത്തിപ്പെട്ടു. കൂരിരുട്ടും കൊടും തണുപ്പും. എങ്ങോട്ടു പോകണമെന്നോ എങ്ങോട്ടാണ് പോയ്ക്കൊണ്ടിരിക്കുന്നതെന്നോ അറിയാനാവാത്ത അവസ്ഥ. അപ്പോഴാണ് മൂസാ(അ) അകലെ ഒരു വെളിച്ചം കാണുന്നത്. മൂസാ കു

ടുംബത്തോട് പറഞ്ഞു: നിങ്ങൾ ഇവിടെ നിൽക്കൂ. ഞാൻ ഒരു വെളിച്ചം കാണുന്നുണ്ട്. അവിടെ പോയി നോക്കട്ടെ. വഴിയുടെ വിവരം ചോദിച്ചറിയാമല്ലോ. നമുക്ക് തീ കായാൻ കുറച്ച് തീ കൊണ്ടുവരികയുമാവാം. *ത്വാഹാ* 10-ാം സൂക്തത്തിൽ ഇത് പറയുന്നത്

إِذْ رَأَىٰ نَارًا فَقَالَ لِأَهْلِهِ امْكُثُوا إِنِّي آنَسْتُ نَارًا لَّعَلِّي آتِيكُم مِّنْهَا بِقَبَسٍ أَوْ أَجِدُ عَلَى النَّارِ هُدًى ﴿١٠﴾

(അദ്ദേഹം ഒരു വെളിച്ചം കണ്ടപ്പോൾ കുടുംബത്തോടു പറഞ്ഞു: നിൽക്കിൻ. ഒരു വെളിച്ചം കാണുന്നുണ്ട്. അതിൽ നിന്ന് ഒരു ശിഖ നിങ്ങൾക്ക് കൊണ്ടുവരാൻ പറ്റിയാലോ. അല്ലെങ്കിൽ വെളിച്ചമുള്ളിടത്തുനിന്ന് വഴിയറിയാൻ കഴിഞ്ഞേക്കും) എന്നും സൂറ *അന്നംല്* 7-ാം സൂക്തത്തിൽ

إِذْ قَالَ مُوسَىٰ لِأَهْلِهِ إِنِّي آنَسْتُ نَارًا سَآتِيكُم مِّنْهَا بِخَبَرٍ أَوْ آتِيكُم بِشِهَابٍ قَبَسٍ لَّعَلَّكُمْ تَصْطَلُونَ ﴿٧﴾

(മൂസാ തന്റെ കുടുംബത്തോടു പറഞ്ഞത് ഓർക്കുക: ഞാൻ ഒരു തീ കാണുന്നു. അവിടെ നിന്ന് വല്ല വിവരവും അറിഞ്ഞു വരാം. അല്ലെങ്കിൽ ഒരഗ്നി ശിഖ കൊണ്ടുവരാം. നിങ്ങൾക്ക് തീ കായാമല്ലോ) എന്നുമാകുന്നു. വിശദീകരണം *ഖുർആൻ ബോധനം* പ്രസ്തുത സൂക്തങ്ങൾക്കു താഴെ കാണുക. അറ്റം കത്തിക്കൊണ്ടിരിക്കുന്ന കൊള്ളിയും ചൂട്ടുമാണ് جَذْوَةٍ. ■

---

فَلَمَّا أَتَاهَا نُودِيَ مِن شَاطِئِ الْوَادِ الْأَيْمَنِ فِي الْبُقْعَةِ الْمُبَارَكَةِ مِنَ الشَّجَرَةِ أَن يَا مُوسَىٰ إِنِّي أَنَا اللَّهُ رَبُّ الْعَالَمِينَ ﴿٣٠﴾

30. അവിടെ ചെന്നപ്പോൾ വലതു താഴ്‌വരയുടെ ഭാഗത്തെ അനുഗൃഹീത സ്ഥലത്തുള്ള വൃക്ഷത്തിൽനിന്ന് ഒരശരീരി കേട്ടു. എന്തെന്നാൽ അല്ലയോ മൂസാ, ഇത് ഞാൻ, അഖിലാണ്ഡ വിധാതാവായ സാക്ഷാൽ ദൈവമാകുന്നു.

**30**

فَلَمَّا أَتَاهَا= അവിടെ ചെന്നപ്പോൾ نُودِيَ= വിളിക്കപ്പെട്ടു(ഒരശരീരി കേട്ടു)

مِن شَاطِئِ الْوَادِ الْأَيْمَنِ= വലതു താഴ്‌വരയുടെ ഭാഗ(ത്തെ)ത്തുനിന്ന്

فِي الْبُقْعَةِ الْمُبَارَكَةِ= അനുഗൃഹീത ഖണ്ഡത്തിൽ (സ്ഥലത്ത് ഉള്ള)

مِنَ الشَّجَرَةِ= വൃക്ഷത്തിൽനിന്നു أَن يَا مُوسَىٰ= എന്തെന്നാൽ, അല്ലയോ മൂസാ

إِنِّي أَنَا اللَّهُ= ഇതു ഞാൻ സാക്ഷാൽ ദൈവമാകുന്നു رَبُّ الْعَالَمِينَ= അഖിലാണ്ഡ വിധാതാവായ

ഈ സൂക്തത്തിന്റെയും ആശയം *ത്വാഹാ* 12-13 സൂക്തങ്ങളിലും *അന്നംല്* 8-10 സൂക്തങ്ങളിലും വന്നിരിക്കുന്നു. വിശദീകരണം *ഖുർആൻ ബോധനം* പ്രസ്തുത സൂക്തങ്ങൾക്ക് താഴെ കാണുക. വശത്തിനും തീരത്തിനും شاطئ ഉപയോഗിക്കും. വശം ആണ് ഇവിടെ ഉദ്ദേശ്യം. الواد الأيمن വലതു താഴ്‌വരയാണ്. ഇതിനെ മൂസാ(അ)യുടെ വലതുവശത്തായുള്ള താഴ്‌വരയായിട്ടാണ് പല പണ്ഡിതന്മാരും വ്യാഖ്യാനിച്ചിട്ടുള്ളത്. അങ്ങനെയാണെങ്കിൽ ത്വൂർ മലയുടെ ഇടതുവശത്തെ താഴ്‌വരയാണിത്. ഇതുപക്ഷേ, *ത്വാഹാ* 80-ാം സൂക്തത്തിലെ وَوَاعَدْنَاكُمْ جَانِبَ الطُّورِ الْأَيْمَنَ (ത്വൂർ മലയുടെ വലതുഭാഗത്തെത്താൻ നിങ്ങൾക്ക് നാം സമയം നിശ്ചയിച്ചുതന്നു) എന്ന വാക്യവുമായി പൊരുത്തപ്പെടുന്നില്ല. അറബികളുടെ ഇടതു, വലതു ദിശാ നിർണയം ഖിബ്‌ലയെ ആശ്രയിച്ചായിരുന്നു. കഅ്ബയുടെ കവാടം നിലകൊള്ളുന്ന വശമാണ് അസൽ ദിശ. അതിന്റെ ഇടതും വലതും ദിശകൾ പൊതുവായ ഇടവും വലവുമായി കണക്കാക്കപ്പെട്ടു. അങ്ങനെയാണത്രെ കഅ്ബ കവാടത്തിന്റെ വലതു(يمين) സ്ഥിതിചെയ്യുന്ന രാജ്യത്തെ അറബികൾ, യമൻ എന്നും ഇടതു ദിശയിൽ സ്ഥിതിചെയ്യുന്ന സിറിയയെ ശാം എന്നും വിളിച്ചത്. شأمة (ഇടതുവശം)ൽനിന്ന് നിഷ്പന്നിതമായതാണ് شام. ഇടതു വശത്തിനും വടക്കു വശത്തിനും شمال എന്നും പറയും. ഈ വ്യാഖ്യാനപ്രകാരം ഇവിടെ സൂചിപ്പിച്ച വലത് (أيمن) ഖിബ്‌ലയുടെ വലതു ദിശയുമാകാം. വരുന്ന 44-ാം സൂക്തത്തിൽ وَمَا كُنتَ بِجَانِبِ الْغَرْبِيِّ (പശ്ചിമ ദിക്കിൽ നീയുണ്ടായിരുന്നില്ല) എന്നു പറഞ്ഞതിൽ ഉദ്ദേശിച്ചിട്ടുള്ള പശ്ചിമ ദിക്ക് കഅ്ബയുടെ പശ്ചിമ ദിക്കാണെന്നതിൽ തർക്കമില്ലല്ലോ.

മൂസാ(അ) വെളിച്ചത്തിനടുത്തെത്തിയപ്പോൾ, വലതു താഴ്‌വരയുടെ ഒരു ഭാഗത്തെ അനുഗൃഹീത ഖണ്ഡത്തിലുള്ള ഉജ്ജ്വല വൃക്ഷത്തിൽനിന്ന് ഒരശരീരി കേട്ടു: 'അല്ലയോ മൂസാ, ഇത് ഞാൻ, സർവലോക വിധാതാവായ അല്ലാഹുവാകുന്നു. ചെരിപ്പ് ഊരിവെച്ച് മുന്നോട്ടു വരിക. നീ ഇപ്പോൾ വിശുദ്ധ താഴ്‌വരയിലാകുന്നു. ഞാൻ നിന്നെ ദൂതനായി തെരഞ്ഞെടുത്തിരിക്കുന്നു. ആകയാൽ നിനക്ക് ലഭിക്കുന്ന ദിവ്യ ബോധനം സശ്രദ്ധം കേൾക്കണം. ഞാൻ മാത്രമാകുന്നു സാക്ഷാൽ ദൈവം. ഞാനല്ലാതെ ദൈവമേതുമില്ല. അതിനാൽ നീ എനിക്കു മാത്രം വഴിപ്പെട്ടു വാഴുക. എന്നെ സ്മരിക്കുന്നതിന് നമസ്കാരം നിലനിർത്തുക. അന്ത്യനാൾ തീർച്ചയായും വന്നെത്തുന്നതാകുന്നു. അതിന്റെ ആഗമന സമയം ഞാൻ ഏറക്കുറെ ഗോപ്യമാക്കിവെക്കുന്നു, ഓരോ ആത്മാവിനും അതിന്റെ കർമം അർഹിക്കുന്ന ഫലം നൽകുന്നതിനു വേണ്ടിയുള്ളതാകുന്നു ഉയിർത്തെഴുന്നേൽപ്. ഉയിർത്തെഴുന്നേൽപിൽ വിശ്വസിക്കാതെ ജഢികാസക്തികൾക്ക് പിമ്പേ ഗമിക്കുന്നവർ അതിൽനിന്ന് നിന്നെ തടയാതിരിക്കട്ടെ. തടയപ്പെട്ടാൽ നീ നാശത്തിൽ പതിച്ചുപോകും' (*ത്വാഹാ* 11:16).

ഇവിടെ ശബ്ദത്തിന്റെ ഉറവിടത്തെ മൂന്നു വിധത്തിൽ വ്യക്തമാക്കിയിരിക്കുന്നു: ഒന്ന്, ഈ ശബ്ദം വലതു താഴ്‌വരയുടെ ഭാഗത്തുനിന്ന് വരുന്നു. أيمن എന്ന പദത്തിന് വിശിഷ്ടം, ശുഭകരം എന്നും അർഥമുണ്ട്. ആ അർഥമാണ് പരിഗണിക്കുന്നതെങ്കിൽ വിശുദ്ധ താഴ്‌വരയുടെ ഭാഗത്തുനിന്നാണ് ശബ്ദം വരുന്നത്. 2. ആ ഭാഗത്തുള്ള അനുഗൃഹീത ഖണ്ഡ

ത്തിൽനിന്നാണത് വരുന്നത്. الْبُقْعَةِ الْمُبَارَكَةِ ആണ് മൂലവാക്ക്. വൃക്ഷം നിറഞ്ഞ സ്ഥലം, പ്ലോട്ട്, സ്പോട്ട്, ഇടം തുടങ്ങിയ അർഥങ്ങളിൽ بقعة ഉപയോഗിക്കുന്നു. 3. ഒരു സവിശേഷ വൃക്ഷത്തിൽനിന്നാണ് ആ ശബ്ദം വന്നത്. കൂരിരുട്ടിൽ, അനന്തവിഹായസ്സിൽനിന്നെങ്ങുനിന്നോ ഒരവ്യക്തശബ്ദം കേൾക്കുന്നതായി തോന്നുകയായിരുന്നില്ല, ശബ്ദം ഏതു പ്ലോട്ടിൽനിന്ന്, ഏതു സ്പോട്ടിൽനിന്ന് ഉയരുന്നു എന്ന് കൃത്യമായി മനസ്സിലാകുംവണ്ണം സ്പഷ്ടമായി കേൾക്കുക തന്നെയായിരുന്നു മൂസാ(അ) എന്ന ആശയം പ്രകാശിപ്പിക്കാനാണ് ഈ ശബ്ദസ്രോതസ്സ് ഇത്ര കണിശമായി വെളിപ്പെടുത്തുന്നത്. ഒരു താഴ്വരയോ പ്ലോട്ടോ വൃക്ഷമോ അനുഗൃഹീതമാവുക എന്നത് അല്ലാഹു അവന്റെ തേജസ്സ് പ്രത്യക്ഷപ്പെടുത്താൻ അതിനെ തെരഞ്ഞെടുത്തതിന്റെയും ആ സ്ഥലം ചെകുത്താന്റെ ഇടപെടലുകളിൽനിന്ന് സുരക്ഷിതമായതിന്റെയും സൂചനയാകുന്നു. ശബ്ദസ്രോതസ്സിന്റെ മഹത്വം വെളിപ്പെടുത്തിയ ശേഷം ആ ശബ്ദം അവതരിപ്പിക്കുകയാണ്. മൂസാ ആദ്യം കേൾക്കുന്ന വചനമിതാണ്: അല്ലയോ മൂസാ, നീ തീയെന്ന് ധരിച്ച് കനലെടുക്കാൻ എത്തിയ ഈ വിശുദ്ധ സ്ഥലത്ത് ഇപ്പോൾ നീ കാണുന്ന വെളിച്ചം തീയല്ല, അഖിലാണ്ഡ വിധാതാവായ സാക്ഷാൽ ദൈവത്തിന്റേ തേജസ്സാകുന്നു. അല്ലാഹുവിന്റെ സർവ ഗുണങ്ങളെയും ഉൾക്കൊള്ളുന്ന വിശേഷണമാണ് അഖിലാണ്ഡ വിധാതാവ്- റബ്ബുൽ ആലമീൻ. ഇതിനു സമാനമായ മറ്റൊരു പ്രയോഗമാണ് إِنِّي أَنَا اللَّهُ الْعَزِيزُ الْحَكِيمُ . -ഞാൻ അജയ്യനും അഭിജ്ഞനുമായ അല്ലാഹുവാകുന്നു. റബ്ബുൽ ആലമീന്റെ ആശയങ്ങളെല്ലാം ഈ വാക്യവും ഉൾക്കൊള്ളുന്നു. ■

---

وَأَنْ أَلْقِ عَصَاكَ ۚ فَلَمَّا رَآهَا تَهْتَزُّ كَأَنَّهَا جَانٌّ وَلَّىٰ مُدْبِرًا وَلَمْ يُعَقِّبْ ۚ يَا مُوسَىٰ أَقْبِلْ وَلَا تَخَفْ ۖ إِنَّكَ مِنَ الْآمِنِينَ ﴿٣١﴾

31. നിന്റെ വടി താഴെയിടുക. താഴെയിട്ട വടി പാമ്പിനെപ്പോലെ പുളയുന്നതു കണ്ടപ്പോൾ മൂസാ പിന്തിരിഞ്ഞോടി. തിരിഞ്ഞുനോക്കിയില്ല. അരുളപ്പാടുണ്ടായി: അല്ലയോ മൂസാ, മുന്നോട്ടുവരൂ, പേടിക്കേണ്ട. നീ സുരക്ഷിതനാകുന്നു.

**31**

وَأَنْ أَلْقِ عَصَاكَ= നിന്റെ വടി(താഴെ)യിടുക فَلَمَّا رَآهَا تَهْتَزُّ= അദ്ദേഹം അതു പുളയുന്നതായി കണ്ടപ്പോൾ

كَأَنَّهَا جَانٌّ= അതൊരു പാമ്പെന്നോണം (പാമ്പിനെപ്പോലെ)

وَلَّىٰ مُدْبِرًا= അദ്ദേഹം പിന്തിരിഞ്ഞോടി وَلَمْ يُعَقِّبْ= തിരിഞ്ഞുനോക്കിയില്ല

يَا مُوسَىٰ أَقْبِلْ وَلَا تَخَفْ= (അരുളപ്പാടുണ്ടായി) അല്ലയോ മൂസാ, മുന്നോട്ടു വരിക, നീ ഭയപ്പെടേണ്ട

إِنَّكَ مِنَ الْآمِنِينَ= തീർച്ചയായും നീ നിർഭയരായവരിൽപെട്ടവൻ (സുരക്ഷിതൻ) ആകുന്നു

തുടർന്ന് അശരീരി മൂസായോട് അദ്ദേഹത്തിന്റെ കൈയിലിരിക്കുന്നത് എന്താണെന്ന് ചോദിച്ചു. അത് കാലികൾക്ക് ഇലകൾ തല്ലിപ്പൊഴിച്ചു കൊടുക്കാനുകം മറ്റാവശ്യങ്ങൾക്കും ഉപയോഗിക്കുന്ന വടിയാണെന്ന് അറിയിച്ചപ്പോൾ (20:18) കൽപിച്ചു: ആ വടി താഴെയിടുക. താഴെയിട്ട വടി പാമ്പിനെപ്പോലെ പുളയുന്നതു കണ്ട് മൂസാ വിരണ്ട് പിന്തിരിഞ്ഞോടി. തിരിഞ്ഞുനോക്കിയതേയില്ല. ഇക്കാര്യം ഏതാണ്ടിതേ വാക്കുകളിൽ തന്നെ സൂറ *അന്നംല്* പത്താം സൂക്തത്തിലും പ്രസ്താവിച്ചിരിക്കുന്നു. അവിടെ മൂസായോട് ഭയപ്പെടരുത്, എന്റെ മുന്നിൽ ദൈവദൂതന്മാർ ഭയപ്പെടേണ്ടതില്ല - يَا مُوسَىٰ لَا تَخَفْ إِنِّي لَا يَخَافُ لَدَيَّ الْمُرْسَلُونَ എന്ന വാക്യത്തിന്റെ സ്ഥാനത്ത് ഇവിടെ يَا مُوسَىٰ أَقْبِلْ وَلَا تَخَفْ إِنَّكَ مِنَ الْآمِنِينَ - മൂസാ, മുന്നോട്ടുവരൂ, ഭയപ്പെടേണ്ട, താൻ സുരക്ഷിതനാകുന്നു എന്നാണ് പറയുന്നത്.

പ്രവാചകവര്യന്മാർക്ക് പ്രവാചകത്വലബ്ധിയുടെ ആദ്യാനുഭവങ്ങൾ തീരെ ദുരൂഹമായ രീതിയിലാണ് അനുഭവപ്പെടുക. അവരത് നേരത്തേ സങ്കൽപിക്കുകയോ ആഗ്രഹിക്കുകയോ ചെയ്തിരിക്കില്ല. അതിനാൽ പ്രാഥമികാനുഭവങ്ങളിൽ അവർ പരിഭ്രാന്തരാകുന്നു. ക്രമേണ അല്ലാഹു അവരെ അതുമായി ഇണക്കുന്നു. എന്നാൽ വ്യാജ പ്രവാചകന്മാരും ആൾദൈവങ്ങളും മന്ത്രവാദികളുമൊക്കെ തങ്ങളുടെ ദിവ്യസിദ്ധി സ്ഥാപിക്കാൻ നേരത്തേ തന്നെ സമർഥമായ ഒരു പദ്ധതി തയാറാക്കിയിരിക്കും. അതനുസരിച്ച് അവസരം നോക്കി ഓരോ തന്ത്രങ്ങൾ പുറത്തെടുത്ത് ആളുകളെ വശീകരിക്കാൻ വലിയ ഗൗരവവും ഭയാനകതയും ഭാവിക്കുമെങ്കിലും യഥാർഥത്തിൽ ആ സംഭവങ്ങളിൽ അവർക്ക് ഭയമോ അത്ഭുതമോ ഉണ്ടാവുന്നില്ല. പ്രവാചകന്മാരുടെ അവസ്ഥ നേരെ മറിച്ചാണ്. അവരിലൂടെ പ്രത്യക്ഷപ്പെടുന്ന അമാനുഷിക സംഭവങ്ങൾ അവരുടെ ജ്ഞാനത്തിനോ കഴിവിനോ കർമത്തിനോ യാതൊരു പങ്കുമില്ലാതെ ഉളവാകുന്ന അത്ഭുതങ്ങളാണ്. ആദ്യഘട്ടത്തിൽ അതുൾക്കൊള്ളാൻ അവർ തന്നെ ഏറെ പ്രയാസപ്പെടും. അതുകൊണ്ടാണ് സ്വന്തം വടി പാമ്പായി പുളയുന്നതു കണ്ട മൂസാ(അ) ആദ്യം ഭയപ്പെട്ട് പിന്തിരിഞ്ഞോടിക്കളഞ്ഞത്. ഈജിപ്തിൽ മന്ത്രവാദികൾക്കും ജാലവിദ്യക്കാർക്കും നല്ല പ്രചാരമുള്ള കാലത്താണ് മൂസാ(അ) ആഗതനാകുന്നത്. നാട്ടിൽ ഏറ്റം പ്രചാരമുള്ളതും ശ്രദ്ധിക്കപ്പെടുന്നതുമായ ഒരു കലയോടു സാദൃശ്യമുള്ള ദിവ്യാത്ഭുതങ്ങളുമായിട്ടാണ് അല്ലാഹു മൂസാ(അ)യെ ഫറവോന്റെ അടുത്തേക്ക് അയക്കുന്നത്. ദിവ്യാത്ഭുതങ്ങൾ പ്രത്യക്ഷപ്പെടുത്തിയ മൂസാ(അ)യെ ഫറവോന്റെ രാജസഭ إِنَّ هَٰذَا لَسَاحِرٌ عَلِيمٌ (ഇവനൊരു പഠിച്ച ആഭിചാരകൻ തന്നെ) എന്ന് വിശേഷിപ്പിച്ചതും അനുസ്മരണീയമാകുന്നു.

വടി പാമ്പായി പരിണമിച്ചതു കണ്ട് ചകിതനായ മൂസാ(അ)യെ അല്ലാഹു സമാശ്വസിപ്പിച്ചു: പേടിക്കേണ്ട, മുന്നോട്ടു വന്ന് വടി കൈയിലെടുക്കൂ, നാം അതിനെ പഴയപടി വടിതന്നെയാക്കിത്തരാം. خُذْهَا وَلَا تَخَفْ ۖ سَنُعِيدُهَا سِيرَتَهَا الْأُولَىٰ - 20:21). അത് നിന്നെ ഒന്നും ചെയ്യില്ല. നീ എന്റെ ദൂതനാണ്. എന്റെ ദൂതന്മാർ എന്റെ മുന്നിൽ ഭയപ്പെടേണ്ടതില്ല - لَا يَخَافُ لَدَيَّ الْمُرْسَلُونَ. ദൈവദൂതന്മാരെ നാം അണിയിക്കുന്ന ആയുധങ്ങൾ അപകടകരമാവുക അവർക്കല്ല, അല്ലാഹുവിന്റെ വിരോധികൾക്കാണ്. ■

اسْلُكْ يَدَكَ فِي جَيْبِكَ تَخْرُجْ بَيْضَاءَ مِنْ غَيْرِ سُوءٍ وَاضْمُمْ إِلَيْكَ جَنَاحَكَ مِنَ الرَّهْبِ ۖ فَذَانِكَ بُرْهَانَانِ مِن رَّبِّكَ إِلَىٰ فِرْعَوْنَ وَمَلَئِهِ ۚ إِنَّهُمْ كَانُوا قَوْمًا فَاسِقِينَ ﴿٣٢﴾

32. നിന്റെ കൈ കുപ്പായത്തിനുള്ളിൽ കടത്തുക, അത് തൂവെള്ളയായി പുറത്തുവരും; ദോഷമേതുമില്ലാതെ. നിന്റെ കൈ നിന്നിലേക്ക് ചേർത്തുവെക്കുക, ഭയത്താൽ. വിധാതാവിങ്കൽനിന്നുള്ള ഈ രണ്ട് ദൃഷ്ടാന്തങ്ങളുമായി നീ ഫറവോനിലേക്കും അവന്റെ പ്രമാണിമാരിലേക്കും ചെല്ലുക. തീർച്ചയായും അവർ ദുഷ്ടജനമായിത്തീർന്നിരിക്കുന്നു.

**32**

اسْلُكْ يَدَكَ فِي جَيْبِكَ = നിന്റെ കൈ നിന്റെ കീശയിൽ, സഞ്ചിയിൽ (കുപ്പായത്തിനുള്ളിൽ കടത്തുക)

تَخْرُجْ = അതു പുറത്തുവരും بَيْضَاءَ = (തൂ) വെള്ളയായി مِنْ غَيْرِ سُوءٍ = ദോഷം (ഏതും) ഇല്ലാതെ

وَاضْمُمْ = നീ ചേർത്തുവെക്കുക إِلَيْكَ = നിന്നിലേക്ക് جَنَاحَكَ = നിന്റെ ചിറകു(കൈ) مِنَ الرَّهْبِ = ഭയത്താൽ

فَذَانِكَ بُرْهَانَانِ = ഈ രണ്ടു ദൃഷ്ടാന്തങ്ങൾ(ളുമായി നീ ചെല്ലുക) مِن رَّبِّكَ = നിന്റെ വിധാതാവിങ്കൽനിന്നുള്ള

إِلَىٰ فِرْعَوْنَ وَمَلَئِهِ = ഫറവോന്റെ യും അവന്റെ പ്രമാണിമാരുടെയും അടുക്കലേക്ക്

إِنَّهُمْ = തീർച്ചയായും അവർ كَانُوا قَوْمًا فَاسِقِينَ = കുറ്റവാളികളായ (ദുഷ്ട) ജനമായിത്തീർന്നിരിക്കുന്നു

ജാലവിദ്യയോടു സാദൃശ്യമുള്ള മറ്റൊരു ദൃഷ്ടാന്തമാണിത്. കൈ കുപ്പായത്തിനുള്ളിൽ കടത്തി പുറത്തെടുക്കുമ്പോൾ വെളുത്തു തിളങ്ങുക! അതുകൊണ്ട് കൈക്ക് ഒരു കുഴപ്പവും സംഭവിക്കുന്നില്ല. വെള്ളപ്പാണ്ടു പോലെ വല്ല മാറാ രോഗവും ബാധിച്ചുവെന്നൊന്നും ഭയപ്പെടേണ്ട. പാമ്പ് വടിയായി മടങ്ങിയതു പോലെ കൈയും പഴയപടി തന്നെ ആയിക്കൊള്ളും. കൈ കുപ്പായത്തിനുള്ളിൽ വെക്കേണ്ടത്, സംഭീതനായ ഒരുവൻ തന്റെ കൈ ദേഹത്തോട് ചേർത്തുവെക്കുന്നതുപോലെയാണ്. ഭയപ്പെടുന്നവർ കൈ മാറത്തോ കക്ഷത്തോ ചേർത്തുവെക്കാറുണ്ടല്ലോ. ഇതാണ് وَاضْمُمْ إِلَيْكَ جَنَاحَكَ مِنَ الرَّهْبِ എന്ന വാക്കിന്റെ ഒരു വിശദീകരണം. സൂറ *ത്വാഹാ*യിലെ وَاضْمُمْ يَدَكَ إِلَىٰ جَنَاحِكَ تَخْرُجْ بَيْضَاءَ مِنْ غَيْرِ سُوءٍ (നിന്റെ കരം കക്ഷത്തിൽ ചേർത്തുവെക്കുക, അത് തൂ വെള്ളയായി പുറത്തുവരും, ദോഷമൊന്നുമില്ലാതെ) എന്ന 22-ാം സൂക്തം ഈ വിശദീകരണത്തെ ബലപ്പെടുത്തുന്നു. വടി പാമ്പായതും കൈ വെളുത്തുപോയതും കണ്ട്, അല്ലെങ്കിൽ തന്നെ പ്രവാചകനായി നിയോഗിച്ചിരിക്കുന്നുവെന്ന് കേട്ട് ചകിതനായി കൈകൾ രണ്ടു വശത്തേക്കും വിടർത്തിപ്പിടിച്ച് ഓടിയ മൂസായോട് ഭയം വെടിഞ്ഞ് ആ കൈകൾ താഴ്ത്തി ദേഹത്തോട് ചേർത്തുവെക്കാൻ പറയുകയാണെന്നാണ് മറ്റൊരു വ്യാഖ്യാനം. മൂസാ(അ) വരുംനാളുകളിൽ ഭീതിജനകമായ പല പ്രതിസന്ധികളും നേരിടേണ്ടതുണ്ട്. അത്തരം സന്ദർഭങ്ങളിൽ കൈ ദേഹത്തോട് ചേർത്തുപിടിച്ചാൽ സമാധാനവും ധൈര്യവും ലഭിക്കുമെന്ന് ഉണർത്തുകയാണ് എന്നത്രെ ഇനിയൊരു വ്യാഖ്യാനം. കൂടുതൽ ഉചിതമായി തോന്നുന്നത് ആദ്യം പറഞ്ഞ വിശദീകരണമാകുന്നു.

ചിറകിനും ഭാഗത്തിനും ദളത്തിനുമൊക്കെ جناح ഉപയോഗിക്കും. പക്ഷികളുടെ ചിറകിന്റെ സ്ഥാനത്താണല്ലോ മനുഷ്യന്റെ കൈ. അതിനാൽ കൈ എന്ന അർഥത്തിലും ഇത് ഉപയോഗിക്കും. وَاضْمُمْ يَدَكَ إِلَىٰ جَنَاحِكَ എന്നു പറയുമ്പോൾ താൽപര്യം കൈ വശത്തോട് അഥവാ കക്ഷത്തോട് ചേർത്തുവെക്കുക എന്നാണ്. ഇവിടെ وَاضْمُمْ إِلَيْكَ جَنَاحَكَ -യുടെ വാക്കർഥം നിന്റെ ചിറക് നിന്നിലേക്ക് ചേർത്തുവെക്കുക എന്നാണ്. ചിറക് കൊണ്ടുദ്ദേശ്യം കൈ ആവാനേ തരമുള്ളൂ. إِلَيْكَ (നിന്നിലേക്ക്) എന്നാൽ നിന്റെ ശരീരത്തിലേക്ക്. ശരീരത്തിൽ അത് വെക്കേണ്ട സ്ഥാനം കക്ഷത്തിന്റെ താഴെ ആണെന്ന് وَاضْمُمْ يَدَكَ إِلَىٰ جَنَاحِكَ എന്ന വാക്യം സൂചിപ്പിക്കുന്നു.

فَذَانِكَ بُرْهَانَانِ مِن رَّبِّكَ إِلَىٰ فِرْعَوْنَ എന്ന വാക്യത്തിൽ പോവുക എന്ന അർഥത്തിലുള്ള ഒരു പദം അനുക്തമായിരിക്കുന്നുവെന്ന് സന്ദർഭത്തിൽനിന്ന് വ്യക്തമാകുന്നു. അതായത് ഈ സുവ്യക്തമായ രണ്ട് ദൃഷ്ടാന്തങ്ങളുമായി ഫറവോന്റെയും അയാളുടെ പ്രമാണിമാരുടെയും അടുക്കലേക്കു പോവുക. إِنَّهُمْ كَانُوا قَوْمًا فَاسِقِينَ എന്ന വാക്യം മൂസാ(അ)യെ ഫറവോന്റെ അടുക്കലേക്കയക്കുന്നതിന്റെയും അദ്ദേഹത്തിന് ഈ ദിവ്യാത്ഭുതങ്ങൾ നൽകിയതിന്റെയും ന്യായമാണ്. അവർ മഹാപാപികളായിരിക്കുന്നു. ദൈവധിക്കാരവും ധർമനിഷേധവും അവരുടെ സാമൂഹിക സ്വഭാവമായി കഴിഞ്ഞിരിക്കുന്നു. അവരുടെ ഈ നിലപാട് തുടർന്നാൽ അവരെ ഭൂമുഖത്തുനിന്ന് അമ്പേ ഉന്മൂലനം ചെയ്യേണ്ടിവരും. അതിനു മുമ്പ് സത്യത്തിലേക്കും ധർമത്തിലേക്കും മടങ്ങിവരാൻ ആഹ്വാനം ചെയ്തുകൊണ്ട് അവർക്ക് രക്ഷപ്പെടാൻ അവസരം നൽകുകയാണ് അല്ലാഹു. ■